LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യക്ഷേമ വകുപ്പിന്റെ വൃദ്ധസദനങ്ങൾ

68 (6226) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ എവിടെയൊക്കെ വൃദ്ധസദനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വൃദ്ധർക്ക് വേണ്ടി സർക്കാർ വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നു. അവ ചുവടെ ചേർക്കുന്നു.

1. കെയർ ഹോം, ചാക്ക തിരുവനന്തപുരം
2. വയോജന പകൽ പരിപാലന കേന്ദ്രത്തോടുകൂടിയ സ്ത്രീകളുടെ വൃദ്ധസദനം, പൂജപ്പുര, തിരുവനന്തപുരം
3. ഗവ.വൃദ്ധ സദനം, പെരിനാട്, കൊല്ലം
4. ഗവ.വൃദ്ധ സദനം, പത്തനംതിട്ട
5. ഗവ.വൃദ്ധ സദനം, തേവര, കൊച്ചി
6. ഗവ.വൃദ്ധ സദനം, കോട്ടയം
7. ഗവ.വൃദ്ധ സദനം, തൃശ്ശൂർ
8. ഗവ.വൃദ്ധ സദനം, മലപ്പുറം
9. ഗവ.വൃദ്ധ സദനം, കണ്ണൂർ
10. ഗവ.വൃദ്ധ സദനം, കോഴിക്കോട്
11. ഗവ.വൃദ്ധ സദനം, കാസർഗോഡ്
12. വികലാംഗ വൃദ്ധ സദനം, ആലപ്പുഴ
13. വികലാംഗ വൃദ്ധ സദനം, ഇടുക്കി
14. വികലാംഗ വൃദ്ധ സദനം, പാലക്കാട്
15. വികലാംഗ വൃദ്ധ സദനം, വയനാട്

അംഗനവാടികൾ

69 (6227) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓരോ ജില്ലയിലും എത്ര അംഗനവാടികൾ ഉണ്ടെന്നും ഓരോ അംഗനവാടികളിലും എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അംഗനവാടികൾ ഉണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) അംഗനവാടികളിൽ പ്രീ പ്രൈമറി സിലബസ്സ് നടപ്പിൽ വരുത്തി പഠനം നടത്താൻ തയ്യാറാകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗനവാടികളുടെ ജില്ല തിരിച്ചുള്ള കണക്കും അതിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

ജില്ല	അംഗനവാടികളുടെ എണ്ണം	കുട്ടികളുടെ എണ്ണം
(1)	(2)	(3)
തിരുവനന്തപുരം	2984	42414
കൊല്ലം	2655	32256
പത്തനംതിട്ട	1355	16141
ആലപ്പുഴ	2107	28261
കോട്ടയം	1996	24529
ഇടുക്കി	1484	19773
എറണാകുളം	2828	37358
തൃശ്ശൂർ	2966	37748
പാലക്കാട്	2746	34162
മലപ്പുറം	3706	56772
വയനാട്	809	8182
കോഴിക്കോട്	2869	37628
കണ്ണൂർ	2450	34641
കാസർഗോഡ്	1275	20336

(ബി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടികളുടെ എണ്ണം
(1)	(2)
തിരുവനന്തപുരം	2578
കൊല്ലം	1492
പത്തനംതിട്ട	733
ആലപ്പുഴ	1236
കോട്ടയം	977
ഇടുക്കി	1383
എറണാകുളം	377
തൃശ്ശൂർ	1204
പാലക്കാട്	826
മലപ്പുറം	1570
വയനാട്	378
കോഴിക്കോട്	1448
കണ്ണൂർ	792
കാസർഗോഡ്	320

(സി) അംഗൻവാടികളിലെ പ്രീ പ്രൈമറി വിദ്യാഭ്യാസം കാര്യക്ഷമവും ഗുണനിലവാരം ഉള്ളതുമാക്കുന്നതിന് 'മഴവില്ല്' എന്ന പേരിൽ പുതിയ പാഠ്യ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

ജനനീ സുരക്ഷാ യോജന പദ്ധതി

70 (6228) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ജനനീ സുരക്ഷാ യോജന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(സി) വയനാട് ജില്ലയിൽ പദ്ധതി പ്രകാരം ലഭ്യമാക്കിയ സഹായങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly